# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2138

**04.11..2019-ൽ മറുപടിയ്ക്ക്**

**മാവേലിക്കര ആയുർവേദാശുപത്രി**

| ചോദ്യം<br>**ശ്രീ.ആർ. രാജേഷ്** | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾക്കുമായി തുക അനുവദിക്കുന്നതിനായി എം. എൽ. എ.യുടെ കത്ത് ഉൾപ്പെടെ നൽകിയ എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മാവേലിക്കര ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾക്കുമായി തുക അനുവദിക്കുന്നതിനായി എം. എൽ. എ.യുടെ കത്ത് ഉൾപ്പെടെ നൽകിയ എസ്റ്റിമേറ്റ് തുടർ നടപടിയ്ക്കായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പദവി ഉയർത്തുന്നത് സംബന്ധിച്ച് നഗരസഭ തീരുമാനം ലഭ്യമാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | ഇതിന് വേണ്ടി അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | 2019-20 ൽ ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ